LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തുവാൻ സർക്കാർ തലത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ പഞ്ചായത്ത് കേന്ദ്രീകരിച്ച് പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പ്രസ്തുത പഠനത്തിലുൾപ്പെടുത്തി പരിശോധിച്ചശേഷം പ്രൊപ്പോസൽ ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിജിലൻസ് കേസിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ

205 (1875) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കൈക്കൂലി കേസിൽ എത്ര സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റുചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അറസ്റ്റിലായ സർക്കാർ ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള കണക്കും കൈക്കൂലി വാങ്ങിയ തുകയും അവരുടെ വകുപ്പും വ്യക്തമാക്കുമോ ;

(സി) ഇവരിൽ എത്രപേർ ഇപ്പോഴും ജയിലിൽ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവരിൽ എത്രപേർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കൈക്കൂലി വാങ്ങിയ 66 കേസുകളിൽ 76 സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഇവരിൽ ആരും തന്നെ ഇപ്പോൾ ജയിലിൽ കഴിയുന്നില്ല.

(ഡി) ഇവരിൽ നിലവിൽ 11 പേർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു.

സ്വകാര്യബസ്സുകളിലെ പോലീസുകാരുടെ അനധികൃതയാത്ര

206 (1876) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യബസ്സുകളിൽ ടിക്കറ്റ് ചാർജ് കൊടുക്കാതെ സൗജന്യയാത്ര നടത്തുന്ന പോലീസുകാരെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.